


ഏപ്രിൽ 2021

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹവന്ദനം,

മഹാമാരിയുടെ മദ്ധ്യേ മറ്റൊരു ഈസ്റ്റർ കൂടി സമാഗതമായി. ശമിച്ചെന്ന് പലരും കരുതി യിരുന്ന കോവിഡ് പൂർവ്വാധികം ശക്തിയോടെ പല സ്ഥലങ്ങളിലും സംഹാരതാണ്ഡവം തുടരുന്നു. ഉയിർപ്പിന്റ ഈ പെരുന്നാളിൽ വിടുതലിനായി ലോകം കാത്തിരിക്കുന്നു. മരണത്തിനുമപ്പുറമുള്ള ജീവന്റെ ആഘോഷമാണ് ഉത്ഥാനം പ്രദാനം ചെയ്യുന്നത്. രോഗത്തിന്റെയും മരണത്തിന്റെയും മദ്ധ്യേയുള്ള ഉയിർപ്പിന്റെ കിരണങ്ങൾ നമുക്ക് ദർശിക്കുവാൻ സാധിക്കണം. സ്വന്തം സുരക്ഷയും കുടുംബവും മറന്ന് രോഗികളെ ശുശ്രൂഷിക്കുന്നവർ, മഹാമാരി മൂലം ഉപജീവനമാർഗ്ഗങ്ങൾ നഷ്ടപ്പെട്ടവർക്ക് ഭക്ഷണവും മറ്റ് സൗകര്യങ്ങളും എത്തിച്ചു നല്കുന്നവർ, ഇവരെല്ലാം നമ്മുടെ മദ്ധ്യേയുള്ള ഉയിർപ്പിന്റെ കിരണങ്ങളാണ്. ഉയിർപ്പിന്റെ ശക്തി അനുദിനജീവിതത്തിൽ യാഥാർത്ഥ്യമാക്കുവാൻ നമുക്ക് ഇടയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഏവർക്കും ഈസ്റ്റർ ആശംസകൾ.

കേരളം ഒരു പൊതുതിരഞ്ഞെടുപ്പിന്റെ ആവേശത്തിലാണ്. ഇന്ത്യയിലെ പല സംസ്ഥാന നിയമസഭകളിലേക്കും ചില പാർലമെന്റ് സീറ്റുകളിലേക്കുമുള്ള തിരഞ്ഞെടുപ്പ് ഈ മാസങ്ങളിൽ നടക്കുകയാണല്ലോ. പതിനഞ്ചാം കേരള നിയമസഭയിലേക്കുള്ള സാമാജികരുടെതെരഞ്ഞെടുപ്പ് ഏപ്രിൽ 6 ന് നടക്കുന്നു. മഹാമാരിയുടെ മദ്ധ്യേയുള്ള ജനഹിത പരിശോധന എന്ന നിലയിൽ അടുത്ത് വരുന്ന പൊതു തിരഞ്ഞെടുപ്പിന് ഏറെ പ്രാധാന്യമുണ്ട്. വാഗ്ദാനങ്ങളുടെ പെരുമഴയാണ് ഓരോ പാർട്ടിയും, പാർട്ടികളുടെ കൂട്ടായ്മയും ജനങ്ങൾക്ക് മുന്നിൽ നിരത്തുന്നത്. ജനങ്ങളുടെ വിശ്വാസ്യത തങ്ങൾക്കനുകൂലമാക്കാനുള്ള നെട്ടോട്ടത്തിലാണെല്ലാവരും. ദാരിദ്ര്യം അനുഭവിക്കുന്നവരുടെ സമൂഹങ്ങളാണ് ഒരർത്ഥത്തിൽ ഇന്ത്യയിലെ ഭൂരിപക്ഷ സമൂഹം. ഒപ്പം ജാതീയതയുടെ തിക്ത ഫലങ്ങൾ അനുഭവിക്കുന്ന സമൂഹങ്ങളും. എന്നാൽ ഇത്തരം സമൂഹങ്ങളുടെ കൂട്ടായ്മകളെ തകർക്കുന്ന, എന്നാൽ അവരുടെ പിൻബലം ഉറപ്പാക്കുന്ന മത, രാഷ്ട്രീയ സമൂഹങ്ങളെ സൃഷ്ടിച്ചെടുക്കുവാൻ കോർപ്പറേറ്റുകളുടെ പിൻബലമുള്ള നേതൃത്വങ്ങൾക്കായി എന്ന യാഥാർത്ഥ്യമാണ് നമ്മുടെ മുന്നിലുള്ളത്.

ഇത്തരം ഒരു ദശാസന്ധിയിൽ ഏറെ സൂക്ഷ്മതയോട് വേണം നാമോരുരുത്തരും സമ്മതിദാനാവകാശം വിനിയോഗിക്കേണ്ടത്. നമ്മുടെ രാജ്യത്തിന്റെ ഭരണഘടന ഉറപ്പ് നൽകുന്ന ജനാധിപത്യ, മത നിരപേക്ഷ, സാമൂഹ്യനീതി മൂല്യങ്ങൾക്ക് പ്രതിജ്ഞാബദ്ധരായ ആളുകളായിരിക്കണം തിരഞ്ഞെടുക്കപ്പെടേണ്ടത്. ഒപ്പം പ്രധാനമാണ്, ക്രൈസ്തവർ ഉൾപ്പെടെയുള്ള ന്യൂനപക്ഷങ്ങൾക്ക് സ്വതന്ത്രമായി ആരാധിക്കുന്നതിനും വിശ്വാസം സംപ്രേക്ഷണം

ചെയ്യുന്നതിനുമുള്ള അവകാശം ഉറപ്പുവരുത്തേണ്ടത്. ഇലക്ടറൽ ജനാധിപത്യം എപ്പോഴും വോട്ടു ചെയ്യുന്നവരുടെ ഭൂരിപക്ഷത്തെ ആശ്രയിച്ചാണല്ലോ നിലനിൽക്കുന്നത്. തിരഞ്ഞെടുപ്പ് പ്രക്രീയയിൽ ഭൂരിപക്ഷം ഒരു പ്രധാന ഘടകമാകുമ്പോൾ, ഭൂരിപക്ഷ സമൂഹങ്ങളെ തങ്ങൾക്കനുകൂലമാക്കുവാൻ എല്ലാ രാഷ്ട്രീയ പാർട്ടികളും രാഷ്ട്രീയ നേതൃത്വങ്ങളും ശ്രമിക്കുന്നത് സ്വാഭാവികം. താരതമ്യേന സംഖ്യാബലമില്ലാത്ത സമൂഹങ്ങൾ ഇത്തരം ഒരു പ്രക്രിയയിൽ തള്ളപ്പെടുന്നു. നേടിയെടുക്കലിന്റെ ബലാബല പരീക്ഷണത്തിൽ സംഘടിതരല്ലാത്തവർ തഴയപ്പെടുന്നു. ഒരു ന്യൂനപക്ഷ സമൂഹം എന്ന നിലയിൽ ക്രൈസ്തവർ പൊതു മണ്ഡലത്തിൽ സ്വീകരിക്കേണ്ട നിലപാടുകൾ എന്തായിരിക്കണം എന്നത് രാജ്യത്തിന്റ ഭരണഘടന രൂപീകരിക്കുന്ന വേളയിൽ ത്തന്നെ ഉയർന്നിരുന്ന ചോദ്യമാണ്.ക്രൈസ്തവർക്ക് പ്രത്യേക പരിഗണന ആവശ്യമില്ല, പൊതു സമൂഹത്തിന്റെ ഭാഗം എന്ന നിലയിലുള്ള അംഗീകാരം മാത്രം മതി എന്ന ഉറച്ച നിലപാടായിരുന്നു കോൺസ്റ്റിറ്റുവന്റ് അസംബ്ലിയിലെ ക്രിസ്ത്യൻ പ്രതിനിധികൾ സ്വീകരിച്ചത്. ഈ ഉദാര കാഴ്ചപ്പാടിനോടുള്ള ഡോ. അംബേദ്കർ, സർദാർ പട്ടേൽ തുടങ്ങിയ കോൺസ്റ്റിറ്റുവന്റ് അസംബ്ലിയിലെ നേതാക്കളുടെ പ്രതികരണം ശ്രദ്ധേയമായിരുന്നു. അങ്ങനെ ആരാധനാ സ്വാതന്ത്ര്യം മാത്രമല്ല, മത പ്രചരണത്തിനുള്ള അവകാശവും മത സ്വാതന്ത്ര്യത്തിന്റെ ഭാഗമായി ഭരണഘടനയുടെ അവതാരികയിൽ (Preamble) എഴുതിച്ചേർത്തു.

ചരിത്രത്തിൽ നിന്നുമുള്ള ഈ ഏടിന് ഇന്ന് ഏറെ സാംഗത്യമുണ്ട്. ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തിലും സ്വാതന്ത്രാനന്തര ഭാരതത്തിന്റെ നിർമ്മിതിയിലും, വിശിഷ്യ വിദ്യാഭ്യാസം, ആരോഗ്യപരിപാലനം എന്നീ മേഖലകളിലും ക്രൈസ്തവർ നിർണ്ണായക സംഭാവനകൾ നൽകിയിട്ടുണ്ട് എന്നത് പൊതുവെ അംഗീകരിക്കപ്പെട്ട സത്യമാണെങ്കിലും ഇത് പലപ്പോഴും വിസ്മരിക്കപ്പെടാറുണ്ട്. എന്നാൽ ക്രൈസ്തവർ ഉൾപ്പെടെ ഇവിടെയുള്ള ന്യൂനപക്ഷങ്ങൾ ഭാരതത്തോടുള്ള തങ്ങളുടെ വിധേയത്വം തെളിയിക്കണം, മതപരിവർത്തനം നിരോധിക്കണം എന്നിങ്ങനെയുള്ള വാദങ്ങൾ ചില ഭാഗങ്ങളിൽ നിന്നെങ്കിലും ഇന്ന് കേൾക്കുന്നത് ഏറെ ആശങ്കാജനകമാണ്. ഇതിനോടുള്ള വൈകാരിക പ്രതികരണം എന്ന നിലയിലാകാം, ഭാരതത്തിലെ ക്രൈസ്തവർ സാമുദായികമായി സംഘടിക്കണം, അവരുടെ അവകാശങ്ങൾക്ക് വേണ്ടി പോരാടണം എന്നിങ്ങനെയുള്ള അഭിപ്രായങ്ങൾ ചില ക്രൈസ്തവ നേതാക്കളിൽ നിന്ന് ഉയരുന്നുണ്ട്. ഈ രണ്ട് നിലപാടുകളും ഭാരതത്തിന്റെ ചരിത്രവും പൈതൃകവും വേണ്ടവിധം മനസ്സിലാകാതെ കൈക്കൊള്ളുന്നവയാണ്. ഭാരത സമൂഹത്തിന്റെ അവിഭാജ്യ ഘടകമായ ക്രൈസ്തവർ അവകാശങ്ങൾ ആരോടും ഇരന്ന് വാങ്ങേണ്ട ആവശ്യമില്ല. സ്വന്തം അവകാശങ്ങളെക്കാൾ മറ്റുള്ളവരുടെ അവകാശങ്ങൾക്ക് മുൻതൂക്കം നൽകുന്ന വിശ്വാസ അടിത്തറയാണ് നമുക്കുള്ളത് എന്ന ബോദ്ധ്യം നമ്മുടെയും പൊതു ജീവിതത്തെ നയിക്കണം.

അംഗബലമില്ലാത്തവരെ കൂടി ഉൾക്കൊള്ളുന്ന രാഷ്ട്രീയമാണ് നമ്മുടേതെന്ന് പ്രഖ്യാപിക്കുവാൻ നമുക്കാകണം. തള്ളപ്പെട്ടവരെ ചേർത്ത് നിർത്തുവാൻ അവരോടൊപ്പം സഞ്ചരിച്ച യേശുവാണ് നമ്മുടെ മാതൃക. സഭകളും ഇടവകകളും അത്തരം മാതൃകകൾ സൃഷ്ടിച്ചിരുന്നെങ്കിൽ എന്ന് ആശിക്കുന്നു. ആരെയും അകറ്റി നിർത്താതെ എല്ലാവരെയും ഉൾക്കൊള്ളുന്ന രാഷ്ട്രീയത്തിന്റ വക്താക്കളായി നമുക്ക് മാറാം. നമ്മുടെ വോട്ട് അത്തരമൊരു രാഷ്ട്രീയത്തെ ഉയർത്തിക്കാണിക്കുന്ന ജനാധിപത്യത്തിന്റെ ശക്തമായ ആയുധമായി മാറട്ടെ എന്ന് ആശംസിക്കുന്നു. തിരഞ്ഞെടുപ്പ് പ്രക്രിയയേയും ജനപ്രതിനിധികളെയും ഭരണാധികാരികളെയും നമ്മുടെ വ്യക്തിപരമായ പ്രാർത്ഥനയിലും കുടുംബപ്രാർത്ഥനയിലും പ്രത്യേകം ഓർക്കണം.

ഡൽഹിയിൽ നിന്നും ഒഡീഷായിലേക്ക് ട്രെയിനിൽ യാത്ര ചെയ്ത ക്രൈസ്തവ സന്യസ്ഥരെ മതംമാറ്റം അരോപിച്ച് ട്രെയിനിന് പുറത്താക്കിയ സംഭവം ഏറെ ഞെട്ടലോടെയാണ് കേട്ടത്. ഏതു മതത്തിൽ വിശ്വസിക്കുവാനും വിശ്വസിക്കാതിരിക്കാനുമുള്ള ഒരു പൗരന്റെ സ്വാതന്ത്ര്യത്തിന്മേലുള്ള കടന്നു കയറ്റമായി ഇതിനെ കാണേണ്ടിയിരിക്കുന്നു. സ്വതന്ത്രമായി യാത്ര ചെയ്യുവാനുള്ള അവകാശവും നിഷേധിക്കപ്പെടുന്നു. ആൾക്കൂട്ടങ്ങളുടെ വിചാരണ നേരിടേണ്ടി വരുന്ന ഈ ദുരനുഭവം ഇന്ത്യയിലെ തകരുന്ന സാമൂഹ്യബന്ധങ്ങളുടെ ഒരു പ്രത്യക്ഷ പ്രദർശനം തന്നെയാണ്. വെറുപ്പിന്റെ പ്രത്യയശാസ്ത്രം നമുക്ക് ഉപേക്ഷിക്കാം. പോലീസ് ഉദ്യോഗസ്ഥരും റയിൽവെയും വേണ്ട നടപടികൾ എടുക്കുമെന്ന് പ്രത്യാശിക്കുന്നു.

അമേരിക്കയിലെ അറ്റ്ലാന്റയിൽ വർണ്ണവെറി പിടിച്ച ഒരു വെള്ളക്കാരന്റെ തോക്കിനിരയായത് എട്ട് ഏഷ്യൻ അമേരിക്കൻ വംശജരാണ് വംശവെറി തന്നെയാണ് മെഗൻ എന്ന പെൺകുട്ടി ബ്രിട്ടീഷ് രാജകുടുംബം ഉപേക്ഷിക്കുവാൻ കാരണമായി പറയുന്നത്. വംശീയതയുടെയും, ജാതിയുടെയും, മതത്തിന്റെയും പേരിലുള്ള വിവേചനം രാഷ്ട്രം എന്ന സങ്കല്പത്തെത്തന്നെ വെല്ലുവിളിക്കുന്നതാണ്. ഭരണാധികാരികൾ ഇത്തരം വിവേചനങ്ങള പ്രോ

ത്സാഹിപ്പിക്കുന്നവരായാലോ? മതിലുകളുടെ വേർതിരിവുകൾ ഉല്ലംഘിക്കുന്ന സ്നേഹത്തിലൂന്നിയ ജൈത്രയാത്രകളാകണം നമ്മുടെ ജീവിതങ്ങൾ. ഓസ്ട്രേലിയായുടെ ജനസാന്ദ്രത കൂടിയ ന്യൂ സൗത്ത് വെയിൽസ് സംസ്ഥാനത്തുണ്ടായ കനത്ത മഴയും വെള്ളപ്പൊക്കവും വലിയ നാശം വിതച്ചു എന്നറിയുന്നത് ദുഖകരമാണ്. നൂറ് വർഷത്തിലൊരിക്കൽ മാത്രം പെയ്യുന്ന ശക്തമായ മഴ കോവിഡ് പ്രതിരോധ വാക്സിൻ വിതരണത്തെയും ബാധിച്ചിട്ടുണ്ട്. അപകട മേഖലയിൽ നമ്മുടെ പല അംഗങ്ങൾ ഉൾപ്പെടെ അനേകം ആളുകൾ കഷ്ടപ്പെടുന്നു. ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ വിജയത്തിനായി നാമോരോരുത്തരും പ്രാർത്ഥിക്കണം.

സമൂഹത്തിലെ നിർദ്ധനരായ കുട്ടികളുടെ സമഗ്ര വികസനത്തിന് സഹായകരമായ ലൈറ്റ് റ്റു ലൈഫ് പദ്ധതി നോർത്ത് അമേരിക്ക-യൂറോപ്പ് ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ഇൻഡ്യയിലെ വിവിധ ഭദ്രാസനങ്ങളിലൂടെയും കാർഡ്, സ്റ്റാർഡ് എന്നീ സംഘടനകളിലൂടെയും പരിപാടിയായി നടത്തി വരുന്നു. സഭാ കൗൺസിലിന്റെയും എപ്പിസ്ക്കോപ്പൽ സിനഡിന്റെയും തീരുമാനപ്രകാരം ലൈറ്റു റ്റു ലൈഫിന്റെ ഒരു സൊസൈറ്റി ഇൻഡ്യയിൽ രൂപീകരിക്കുവാൻ ഇടയായി. ഈ പദ്ധതി ഇൻഡ്യയിലെ ഗ്രാമങ്ങൾക്ക് സമൂല പരിവർത്തനം നടത്തുവാനുതകുന്ന ഒരു സാമൂഹ്യ പദ്ധതിയായി പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. ലൈറ്റു റ്റു ലൈഫിന്റെ ഇൻഡ്യയിലെ ഓഫീസ് സഭാ ഓഫീസിനോട് ചേർന്ന് ഫെബ്രുവരി 27 ന് പ്രവർത്തനോദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി.

മാർച്ച് 6 ന് പാറേക്കാട് താബോർ ദൈവാലത്തിൽ വിശുദ്ധ കുർബ്ബാന അനുഷ്ഠിക്കുവാനും റവ. എം. പി. തോമസ് സ്മാരക പ്രാർത്ഥനാ മുറിയുടെ പ്രതിഷ്ഠ നിർവ്വഹിക്കുവാനും സാധിച്ചത് ഏറെ സന്തോഷകരമായിരുന്നു. നമ്മുടെ സഭയുടെ ഒരു ശ്രേഷ്ഠ വൈദീകനും മിഷനറിയുമായിരുന്നു ബഹു. എം. പി. തോമസ് അച്ചൻ. കവിയൂർ പ്രയർ ഗ്രൂപ്പിന്റെ ഭാഗമായി 1950 കളുടെ ആരംഭത്തിൽ മദ്ധ്യപ്രദേശിൽ സത്നായിൽ ആരംഭിച്ച സുവിശേഷ പ്രവർത്തനങ്ങൾ നമ്മുടെ സഭയുടെയും സുവിശേഷ പ്രസംഗ സംഘത്തിന്റെയും ഒരു പ്രധാന മിഷൻ കേന്ദ്രമായി വളർന്നു. പിന്നീട് ദീർഘ വർഷങ്ങൾ ഇടവക ശുശ്രൂഷ നിർവ്വഹിച്ച തോമസ് അച്ചൻ 1983 മുതൽ അദ്ദേഹം അന്തരിക്കുന്ന 2010 വരെ തിരുവല്ലായ്ക്കടുത്ത് പാറേക്കാട് തോബോർ ഇടവകയുടെ സമഗ്രവികസനത്തിൽ പ്രത്യേക ശ്രദ്ധപതിപ്പിച്ചു. ശ്രേഷ്ഠകരമായ ശുശ്രൂഷ പൂർത്തിയാക്കി കടന്ന് പോയ തോമസ് അച്ചനും മറ്റ് കൂട്ടുവേലക്കാർക്കുമായി ദൈവത്തിന് സ്തോത്രം ചെയ്യുന്നു.

2020- 21 സാമ്പത്തികവർഷം നാം പിന്നിടുന്നു. കോവിഡ് - 19 മൂലം സഭയുടെയും ഔദ്യോഗിക സംഘടനകളുടെയും കേന്ദ്ര-ഭദ്രാസന തലങ്ങളിൽ നിർവ്വഹിക്കേണ്ട നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ പ്രയാസം നേരിട്ടു. എന്നാൽ ഇപ്പോൾ ഭദ്രാസന അസംബ്ലി മീറ്റിംഗുകൾ കൂടുവാനും 2020-23 കാലയളവിലെ ഭദ്രാസന കൗൺസിൽ രൂപീകരിക്കുവാനും ക്രമീകരണങ്ങൾ ചെയ്തുവരുന്നു. അത് ഫലപ്രദമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഫെബ്രുവരി 28 ന് അന്തരിച്ച റവ. ഡോ. സാമുവേൽ കമലേശൻ ലോകമെങ്ങും അറിയപ്പെട്ടിരുന്ന ക്രൈസ്തവ നേതാവും മാരാമൺ കൺവൻഷൻ പ്രസംഗകനും മാർത്തോമ്മാ സഭയുടെ ഉറ്റ സുഹൃത്തും ആയിരുന്നു. Friends Missionary Prayer Band, World Vision എന്നീ സംഘടനകളിൽ കൂടെയും അദ്ദേഹം ലോകമെമ്പാടും സന്ദർശിച്ച് സുവിശേഷം പ്രഘോഷിച്ചു. ദീർഘമായ ഒരു ആയുസ്സ് കർത്താവിനു വേണ്ടി ജീവിച്ച്, വചനം പ്രഘോഷിച്ചു അദ്ദേഹം കടന്ന് പോയി. അന്തരിച്ച പ്രൊഫ. എസ്. ഏബ്രഹാം ദീർഘകാലം ചങ്ങനാശ്ശേരി എസ്. ബി. കോളേജ് അദ്ധ്യാപകനായിരുന്നു. ചങ്ങനാശ്ശേരി മാർത്തോമ്മാ ഇടവകയുടെ ബഹുമുഖമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി. സഭാ കൗൺസിൽ അംഗം എന്ന നിലയിലും വിലപ്പെട്ട സേവനങ്ങൾ ചെയ്തു. ഇവരുടെ ധന്യ ജീവിതത്തിനായി ദൈവത്തിന് സ്തോത്രം ചെയ്യുന്നു. ദുഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെയും മറ്റ് പ്രീയപ്പെട്ടവരെയും മാർത്തോമ്മാ സഭയുടെ അനുശോചനവും പ്രാർത്ഥനകളും അറിയിക്കുന്നു.

ഉയിർപ്പ് ഞായറാഴ്ചയിൽ (ഏപ്രിൽ 4) സഭ ധ്യാനിക്കുന്നത് 'പുതുജീവന്റെ ആഘോഷം' (ലൂക്കോസ് 24: 1-12) എന്ന ചിന്തയാണ്. ആശ്ചര്യകരവും അസംഭവ്യവുമായ കാര്യങ്ങളിലൂടെയാണ് യേശുവിന്റെ ഉയിർപ്പ് സുവിശേഷകൻ വിവരിക്കുന്നത്. റോമാ സാമ്രാജ്യത്തിന്റെ അധികാരഘടനകളെയും ഭയചകിത സാഹചര്യങ്ങളെയും അതിജീവിക്കത്തക്ക ധീരതയും പ്രതീക്ഷയുമുള്ള സ്ത്രീകളാണ് യേശുവിന്റെ ഉയിർപ്പിനെ ആദ്യം വരവേൽക്കുന്നവർ. 'അവൻ ഇവിടെ ഇല്ല' എന്ന നിരാശയുടെ വാക്കുകളെ പ്രതീക്ഷയിലേക്ക് രൂപാന്തിരപ്പെടുത്തിയത് ഗലീലയിൽ കേട്ട യേശുവിന്റെ ഉപദേശങ്ങളുടെ ഓർമ്മകളാണ് (അവൻ മൂന്നാം നാൾ ഉയിർത്തെഴുന്നേല്ക്കുകയും വേണം). ഭൗതീകമായ ഇല്ലായ്മയിലും യേശുവിന്റെ വാക്കുകൾ സജീവമായ യാഥാർത്ഥ്യമായിത്തീരുന്നു. ഭൗതിക യാഥാർത്ഥ്യങ്ങളെയും അതിജീവിക്കുന്ന


ഉയിർപ്പനുഭവത്തിന്റെ സാക്ഷികളാകുവാൻ സഭ വിളിക്കപ്പെട്ടിരിക്കുന്നു. കോവിഡാനന്തര ലോകത്ത് പുതുജീവന്റെ പ്രഘോഷകരാകുവാൻ വിശ്വാസ സമൂഹത്തിന് ഇടയാകണം.

ഏപ്രിൽ 11, പുതുഞായർ, 'യേശുക്രിസ്തു നമ്മുടെ കർത്താവും ദൈവവും' (യോഹന്നാൻ 20: 24–29) എന്നതാണ് ധ്യാനവിഷയം. തോമസ് അപ്പോസ്തോലന്റ വാക്കുകൾ സഭയുടെ ഉദാത്തമായ വിശ്വാസ പ്രഖ്യാപനമായി മാറുന്നത് അത് അനുഭവങ്ങളുടെ ആഴത്തിൽ നിന്നും ഉടലെടുക്കുന്നതിനാലാണ്. തോമസ് അപ്പോസ്തോലന്റെ ജീവിതത്തിൽ എന്ന പോലെ ആദിമസഭയ്ക്കും യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ യാഥാർത്ഥ്യം പെട്ടെന്ന് ഉൾക്കൊള്ളുവാൻ കഴിയുന്നതായിരുന്നില്ല. ജീവിതാനുഭവങ്ങളുടെ കാഠിന്യം യേശുവിന്റെ പുനരുദ്ധാനത്തിന്റെ വാർത്തപോലും തിരസ്ക്കരിക്കുന്ന തരത്തിലുള്ള അനുഭവങ്ങൾക്ക് കാരണമായി. എന്നാൽ ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ ശരീരത്തിലെ മുറിപ്പാടുകൾ ദൈവീക സ്നേഹത്തിന്റെ ആഴമായ അനുഭവത്തിലേക്ക് തോമസിനെ നയിക്കുന്നു. യേശു കർത്താവ് എന്ന പ്രഖ്യാപനം നടത്താൻ തോമസിനെ പ്രേരിപ്പിക്കുന്നത് യേശുവിന്റെ വ്രണിതാനുഭവങ്ങളാണ്. അത്യന്തം സങ്കീർണ്ണങ്ങളായ ഇന്നത്തെ ലോക സാഹചര്യങ്ങളിൽ യേശുവിന്റ ഉയിർത്തെഴുന്നേല്പിന്റെ അനുഭവം യാഥാർത്ഥ്യമായിത്തീരുന്നത് സഭയുടെ മുറിവിന്റെയും തകർക്കപ്പെടുവാനുള്ള സന്നദ്ധതയുടെയും അടയാളങ്ങളിലൂടെയാണ്. യേശുക്രിസ്തു കർത്താവും ദൈവവും എന്ന് സഭ പ്രഖ്യാപിക്കേണ്ടത് ശുശ്രൂഷയ്ക്കുള്ള അതിന്റെ സന്നദ്ധതയിലൂടെയാകണം.

ഏപ്രിൽ 18, ഉയിർപ്പിന് ശേഷം രണ്ടാം ഞായറാഴ്ച 'യഥാസ്ഥാനപ്പെടുത്തുന്ന കർത്താവ്' (യോഹന്നാൻ 21: 1–14) എന്നതാണ് ധ്യാനവിഷയം.ഉയിർത്തെഴുന്നേറ്റ കർത്താവിനെ കണ്ടതിനു ശേഷവും ജീവിതത്തിന്റെ ക്ലേശങ്ങളും സങ്കീർണ്ണതകളും ശിഷ്യസമൂഹത്തെ ദൗത്യപാതയിൽ നിന്നും വ്യതിചലിപ്പിക്കുന്നു. പരിചിതമായ വഴികളിലുള്ള ഉറപ്പിനു വേണ്ടി ഉദാത്തമായ ജീവിത നിയോഗങ്ങൾ നിസ്സാരമായി പുറന്തള്ളപ്പെടുന്നു. തന്നെ ഉപേക്ഷിക്കുന്നവരുടെ സമീപത്തേക്ക് കടന്നു ചെല്ലുന്ന ക്രിസ്തുവിന്റെ സ്നേഹം, ദൈവസ്നേഹത്തിന്റെ അനന്യത വെളിവാക്കുന്നു. മനുഷ്യന്റെ തിരസ്ക്കരണങ്ങളിൽ കുറഞ്ഞുപോകുന്നതല്ല ദൈവസ്നേഹം, മറിച്ച് തേടിയെത്തുന്നതാണ്. കർത്താവ് ശിഷ്യർക്ക് വേണ്ടി പ്രാതൽ ഒരുക്കി കാത്തിരിക്കുന്നവനാണ്. ശിഷ്യരുമായുള്ള പന്തിഭോജനത്തിലൂടെ ദൗത്യത്തിലേക്ക് യഥാസ്ഥാനപ്പെടുത്തുന്നതാണ് ക്രിസ്തുവിന്റെ ശൈലി. വിശ്വാസ സമൂഹം ദൈവിക യഥാസ്ഥാനപ്പെടലിന്റെ സമൂഹമാണ്. ദൗത്യപാതയിൽ സംഭവിക്കുന്ന വ്യതിക്രമങ്ങൾ തിരിച്ചറിഞ്ഞ് ആർദ്രതയുടെ അനുഭവങ്ങളിലൂടെ യഥാസ്ഥാനപ്പെടുത്തേണ്ട ഇടമാണ് സഭ. യഥാസ്ഥാനത്തിന്റെ ശുശ്രൂഷയക്കായി ഒരുക്കമുള്ള സഭയ്ക്കു മാത്രമെ ലോകത്തിന്റ ഇടർച്ചകളിൽ രൂപാന്തരത്തിന്റെ പ്രതീക്ഷ നൽകുവാൻ കഴിയുകയുള്ളു.

ഏപ്രിൽ 25, ഉയിർപ്പിന് ശേഷം മൂന്നാം ഞായറാഴ്ച, 'കർത്താവിന്റെ ആതിഥ്യത്തിലേക്കുള്ള ക്ഷണം' (ലൂക്കോസ് 24: 13–35) എന്നതാണ് ധ്യാനവിഷയം. യെരുശലേമിൽ നിന്നും എമ്മുവേസിലേക്കുള്ള ശിഷ്യന്മാരുടെ യാത്ര ഇഛാഭംഗവും നിരാശയും നിറഞ്ഞതാണ്. പ്രതീക്ഷകൾ തകർന്നതിന്റെ നിരാശകൾ അവരുടെ ഹൃദയങ്ങളിലും വാക്കുകളിലും നിറഞ്ഞുനിന്നു. നിരാശയുടെ തീവ്രതയാൽ അവരോടൊപ്പം ചേർന്നു നടക്കുന്ന വ്യക്തിയെ തിരിച്ചറിയുന്നതിനു പോലും അവർക്കാകുന്നില്ല. പ്രതീക്ഷകൾ തകർന്നടിയുമ്പോൾ ജീവിതങ്ങൾ ഏകാന്തമായിപ്പോകുവാനും സമൂഹവുമായുള്ള ബന്ധത്തിൽ നിന്നും ഉൾവലിയുവാനും കാരണമാകാം. എന്നാൽ കൂടെ നടക്കുന്ന യേശു അവർ മറന്നുകളഞ്ഞ തിരുവെഴുത്തുകളിലേക്ക് അവരുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഒപ്പം ക്രിസ്തു അതിഥിയിൽ നിന്നും ആതിഥേയനായപ്പോഴാണ് അവർ അവനെ തിരിച്ചറിയുന്നത്. നിരാശകളും ഇഛാഭംഗങ്ങളും ദൈവീക ആതിഥേയത്തിൽ പുത്തൻ പ്രതീക്ഷകളായും ദർശനങ്ങളായും നിയോഗങ്ങളായും രൂപാന്തരപ്പെടുന്നു. ദൈവീക ആതിഥേയത്തിന്റെ അതിശയകരമായ അനുഭവമാണിത്. ഓരോ വിശുദ്ധകുർബ്ബാനയും കർത്താവിന്റെ ആതിഥേയത്തിലേക്ക് വിശ്വാസ സമൂഹത്തെ ചേർത്ത് വരുത്തുകയും ഉയിർപ്പിന്റെ അനുഭവങ്ങളിൽ ഉറപ്പിക്കുകയും ചെയ്യണം. അതിന് ദൈവം സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.



**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**

പൂലാത്തീൻ
26.03.2021